ഉത്തരം

(എ) സംസ്ഥാനത്ത് ഗവൺമെന്റ് കോളേജുകളിൽ ഗസ്റ്റ് ലക്ചറർമാർക്ക് മണിക്കൂറിൽ 100 രൂപ നിരക്കിൽ പരമാവധി 5,000 രൂപയാണ് നൽകിയിരുന്നത്. 2-7-2004-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നം. 72/04/ഉ.വി.വ. പ്രകാരം ഗസ്റ്റ് ലക്ചറർമാരുടെ വേതനം മണിക്കൂറിൽ 120 രൂപ നിരക്കിൽ പരമാവധി 6,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) മണിക്കൂറിൽ 100 രൂപ ക്രമത്തിൽ പരമാവധി 6,000 രൂപ.

(സി—ഇ) (എ) പിരിവിന്റെ മറുപടി കാണുക.

കോളേജ് ലക്ചറർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി വർദ്ധിപ്പിക്കാൻ നടപടി

119 [1529] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജുകളിൽ ലക്ചറർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പ്രീഡിഗ്രി വേർപ്പെടുത്തിയതിന്റെ ഭാഗമായി ലക്ചറർ തസ്തികയിലേക്കുള്ള നിയമനത്തിന് വർഷങ്ങളായി നിരോധനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ യോഗ്യതയുള്ളവരിൽ പലർക്കും ഇനി അപേക്ഷിക്കാൻ സാധിക്കുകയില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ;

(ഇ) സ്പെഷ്യൽ റൂൾസിൽ ഇതിനാവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഇ) പ്രായപരിധി രണ്ടു വർഷത്തേക്ക് 40 വയസ്സായി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ. (എംഎസ്) 77/2004/ഉവിവ തീയതി, 8-7-2004-ന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly